## പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 791 — 04.03.2020-ൽ മറുപടിയ്ക്ക്.

### കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ക്ഷീരവികസന ഓഫീസർ തസ്തിക

| ചോദ്യം<br>ശ്രീ.എ. എൻ. ഷംസീർ | മറുപടി<br>ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
|---|---|
| (എ) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ക്ഷീരവികസന വകുപ്പിന്റെ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളിൽ അനുവദിക്കപ്പെട്ട ക്ഷീരവികസന ഓഫീസർ തസ്തിക ജില്ലകൾക്ക് പുറത്തേക്ക് വിന്യസിച്ചത് പുനസ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) കാസർഗോഡ് ജില്ലയിലെ ക്വാളിറ്റി കൺട്രോൾ ഓഫീസിൽ നിന്നും ക്ഷീരവികസന ഓഫീസർ തസ്തിക പുനർ വിന്യസിച്ചിട്ടില്ല.<br>കണ്ണൂർ ജില്ലയിലെ ക്വാളിറ്റി കൺട്രോൾ ഓഫീസിൽ നിന്നും ഒരു ക്ഷീരവികസന ഓഫീസറുടെ തസ്തിക പുനർവിന്യസിച്ചിരുന്നു.<br>ടി തസ്തിക പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) ഇല്ലെങ്കിൽ പ്രസ്തുത തസ്തികകൾ പുനസ്ഥാപിക്കാതിരിക്കാനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ബി) ക്ഷീരവികസന വകുപ്പിലെ പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായും ബ്ലോക്ക് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്ഷീരവികസന യൂണിറ്റുകൾ മുഖേനയാണ്. ക്ഷീരവികസന യൂണിറ്റുകളിൽ ക്ഷീരവികസന ഓഫീസറുടെ കുറവ് ഉണ്ടായിരുന്നതിനാലും പദ്ധതികൾ രൂപീകരിക്കുന്നതിന് ഡയറക്ടറേറ്റിൽ പ്രോജക്റ്റ് സെൽ രൂപീകരിക്കുന്നത് അനിവാര്യവുമായതിനാലാണ് പദ്ധതി പ്രവർത്തനങ്ങൾ നേരിട്ട് കൈകാര്യം ചെയ്യാത്ത കണ്ണൂർ ക്വാളിറ്റി കൺട്രോൾ ഓഫീസിലെ ക്ഷീരവികസന ഓഫീസറുടെ തസ്തിക പുനർവിന്യസിക്കേണ്ടി വന്നത്. |

സെക്ഷൻ ഓഫീസർ